ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട് എന്നത് ഉറപ്പുവരുത്താറുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമുൾപ്പെടെയുള്ള താമസ സൗകര്യം നൽകിയിട്ടുണ്ട് എന്നത് പരിശോധനയിൽ ഉറപ്പുവരുത്തുന്നു. അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളും കൂടുതൽ പേർ ജോലി ചെയ്യുന്ന സ്ഥലങ്ങളും കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ; ആവശ്യമുള്ളവർക്ക് സൗജന്യമായി മരുന്ന് നൽകുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ തൊഴിലുടമകളാൽ ചൂഷണം ചെയ്യപ്പെടുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർക്ക് പരാതി നൽകുകയാണെങ്കിൽ, സത്വരം നടപടി സ്വീകരിക്കുന്നതാണ്.

(സി) എല്ലാ അന്യസംസ്ഥാനതൊഴിലാളികളെയും കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാക്കുന്നതുവഴി അന്യസംസ്ഥാനത്തൊഴിലാളികളുടെ വിശദ വിവരം ശേഖരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടി പുരോഗമിക്കുന്നു.

(ഡി) ജോലി ചെയ്യുന്ന അവസരത്തിൽ ഉണ്ടാകുന്ന അപകടങ്ങളോ/ അപകടമരണങ്ങളോ 1923-ലെ എംപ്ലോയീസ് കോമ്പൻസേഷൻ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത നിയമപ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം അപകടം സംഭവിച്ച തൊഴിലാളികൾക്ക്/അപകട മരണം സംഭവിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് ലഭിക്കുന്നതാണ്. കൂടാതെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായുള്ള തൊഴിലാളി അംഗത്വം നിലനിൽക്കെ മരണമടയുകയാണെങ്കിൽ ആശ്രിതർക്ക് ധനസഹായം നൽകുന്നതിനും മൃതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്നതിനും വ്യവസ്ഥയുണ്ട്.

ശരണ്യ പദ്ധതി

53(T 2305) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നടപ്പിലാക്കുന്ന 'ശരണ്യ പദ്ധതി'യുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അർഹരാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചെന്ന് പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരായ വിധവകൾ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹ ബന്ധം വേർപ്പെടുത്തിയവർ അവിവാഹിതർ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായുള്ള പുതിയ സ്വയംതൊഴിൽ പദ്ധതിയാണ് 'ശരണ്യ പദ്ധതി'. പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെയാണ് സാധാരണ ഗതിയിൽ വായ്പ ലഭിക്കുന്നത്. വായ്പ തുകയുടെ 50% സബ്സിഡിയായി അനുവദിക്കുന്നതാണ്.

(ബി) താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന വനിതകൾക്ക് ഈ പദ്ധതിപ്രകാരം സാമ്പത്തിക സഹായത്തിനും സബ്സിഡിക്കും അർഹതയുണ്ട്.

1. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള ആളായിരിക്കണം.

2. വാർഷിക കുടുംബ വരുമാനം ഒരുലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല.

3. അപേക്ഷകരുടെ പ്രായം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം. അവിവാഹിതർക്ക് 30 വയസ്സ് പൂർത്തിയാകണം.

4. വിധവകൾ എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഭർത്താവ് മരിച്ചു പോയ സ്ത്രീകളെയാണ്. അപേക്ഷിക്കുന്ന തീയതികളിൽ ഇവർ പുനർവിവാഹം ചെയ്തിട്ടുണ്ടാകരുത്.

5. 'നിയമാനുസൃതം വിവാഹ ബന്ധം വേർപെടുത്തിയവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് കോടതി മുഖാന്തരമോ സമുദായിക സംഘടന മുഖാന്തരമോ വിവാഹ ബന്ധം വേർപെടുത്തിയവരെയാണ്.

6. ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ എന്നതു കൊണ്ടുദ്ദേശിക്കുന്നത് കഴിഞ്ഞ ഏഴു വർഷമായി ഇപ്രകാരമുള്ളവരെയാണ്.

7. അവിവാഹിത എന്നത് കൊണ്ടുദ്ദേശിക്കുന്നത് അപേക്ഷ സമർപ്പിക്കുന്ന സാമ്പത്തിക വർഷത്തിലെ ഏപ്രിൽ ഒന്നാം തീയതി 30 വയസ്സ് പൂർത്തിയായവരെയാണ്.

8. പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് വിവാഹിതരാകാതെ അമ്മമാരായി തീർന്നിട്ടുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതികളെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശരണ്യാ പദ്ധതിപ്രകാരം ഇതുവരെ കണ്ണൂർ ജില്ലയിൽ 11 പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	ഗുണഭോക്താക്കളുടെ എണ്ണം
1	കുറ്റ്യാട്ടൂർ	2
2	പെരിങ്ങോംവയക്കര	1
3	കല്യാശ്ശേരി	1
4	ചെറുകുന്ന്	1
5	പെരളശ്ശേരി	1
6	പുഴാതി	1
7	കണ്ണൂർ മുനിസിപ്പാലിറ്റി	1
8	തളിപ്പറമ്പ് മുനിസിപ്പാലിറ്റി	1
9	തലശ്ശേരി മുനിസിപ്പാലിറ്റി	1
10	പയ്യന്നൂർ മുനിസിപ്പാലിറ്റി	1
	ആകെ	11

തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

54(2306) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരം കയറ്റ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) മരം കയറ്റ തൊഴിലാളികൾക്കും തെങ്ങ് കയറ്റ തൊഴിലാളികൾക്കും ഇവരിൽ അപകടത്തിൽപ്പെട്ട് അവശതയനുഭവിക്കുന്നവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും നൽകിവരുന്ന ക്ഷേമാനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(സി) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ; പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly